**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെയുള്ള വിവിധ ബജറ്റുകളിൽ, മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ തീരദേശ വികസനത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് 5000 കോടി രൂപയുടെ പാക്കേജ് നടപ്പാക്കും എന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.<br><br>1. ഫിഷറീസ് വകുപ്പ് മുഖാന്തിരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2022-23 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2296.97 കോടി രൂപ വകയിരുത്തുകയും 2272.91 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2. 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>3. തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം കിഫ്ബി പദ്ധതിയിൽ 66.34 കോടി രൂപയുടെ സ്കൂളുകളുടെ പുനരുദ്ധാരണ പദ്ധതി പൂർത്തീകരിച്ചു വരുന്നു. 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കിഫ്ബി തീരസംരക്ഷണം 85.40 കോടി രൂപ, RIDFസ്കീം 7.14 കോടി രൂപ, ടൂറിസം വകുപ്പിൽ നിന്നും 8.35 കോടി രൂപയുടെ അംഗീകാരം ലഭ്യമായി. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 209.66 കോടി രൂപയുടെ ഹാർബർ നിർമ്മാണം പുരോഗമിക്കുന്നു. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചുവരുന്നു. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ബർത്തിംഗ് ജട്ടി നിർമ്മാണം, 24.88 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. ഹാർബർ അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF സ്കീമിൽ ഉൾപ്പെടുത്തി 56.05 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. 102.81 കോടി രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.<br><br>5. ഓഖി പുനരധിവാസ പദ്ധതി - 46.54 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.<br><br>പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വിവിധ ബജറ്റുകളിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച പാക്കേജുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കാലാവസ്ഥ വ്യതിയാനം, കടൽ ക്ഷോഭം, മത്സ്യലഭ്യതക്കുറവ് അടക്കമുള്ള പ്രതികൂല കാരണങ്ങൾ മൂലം മത്സ്യത്തൊഴിലാളി സമൂഹം കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ മുടങ്ങിക്കിടക്കുന്ന പാക്കേജുകൾ നടപ്പാക്കി മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെല്ലാം മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ

### 1. പുനർഗേഹം പദ്ധതി

2019-20 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി പ്രകാരം തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 2018 ൽ തീരദേശ ജില്ലകളിൽ നടത്തിയ സർവ്വേ പ്രകാരം 18685 കുടുംബങ്ങളെയാണ് ഇത്തരത്തിൽ അധിവസിച്ചിരുന്നതായി കണ്ടെത്തിയിട്ടുള്ളത്. 2020 ൽ ആരംഭിച്ച പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21220 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 8845 കുടുംബങ്ങൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചതിൽ 4334 കുടുംബങ്ങൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3640 കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 2256 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപള്ളി, മലപ്പുറം ജില്ലയിൽ പൊന്നാനി, കൊല്ലം ജില്ലയിൽ QSS കോളനി എന്നിവിടങ്ങളിലായി 390 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

### 2.കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

2020-21 വർഷം പദ്ധതിയിൽ മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനിയറിംഗ് അടക്കം 380 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ കിഫ്ബി വഴി 2020-21 ൽ 750 കോടി രൂപയെങ്കിലും ചെലവഴിക്കുമെന്നും സ്കൂളുകൾക്ക് 64 കോടി രൂപ, ആശുപത്രികൾക്ക് 201 കോടി രൂപ, കടൽഭിത്തിക്കും പുലിമുട്ടിനും 57 കോടി രൂപ, ഹാർബറുകൾക്ക് 209 കോടി രൂപ, ഫിഷ് മാർക്കറ്റുകൾക്ക് 100 കോടി രൂപ, റോഡുകൾക്ക് 150 കോടി രൂപ എന്നിവയാണ് പ്രഖ്യാപിച്ചിരുന്നത്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ പാക്കേജിൽ

1182477/2024

ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 66.34 കോടി രൂപയുടെ തീരദേശത്തെ തെരെഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, 209.64 കോടി രൂപയുടെ ഹാർബർ നിർമ്മാണം, 137.82 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റ് പുനരുദ്ധാരണം എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, ഭീമാപള്ളി, തിരുവനന്തപുരം | 125.84444 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ഗവ. എൽ.പി. സ്കൂൾ, പെരുമാതുറ, തിരുവനന്തപുരം | 73.14268 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ഗവ. എൽ.പി. സ്കൂൾ, വർക്കല | 173.22005 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ഗവ. എൽ .പി. സ്കൂൾ, കോട്ടപ്പുറം, കൊല്ലം | 107.13710 | **രണ്ടാം നില സ്ലാബ് പൂർത്തീകരിച്ചു. ഹൈക്കോടതിയിൽ കേസ് നൽകി കരാറുകാരൻ പദ്ധതി നിർത്തിവച്ചിരിക്കുന്നു.** |
| 5 | ഗവ. മോഡൽ യു.പി. സ്കൂൾ, കാക്കോട്ടുമൂല, മയ്യനാട് കൊല്ലം | 43.54928 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ഗവ ടൗൺ യു.പി. സ്കൂൾ, കച്ചേരിമുക്ക്, കൊല്ലം | 95.51912 | **8 footing പൂർത്തീകരിച്ചു. പുരോഗതി കുറവായതിനാൽ കരാറുകാരനെ terminate ചെയ്തു.** |
| 7 | കെ.ജി.വി. ഗവ. യു.പി. സ്കൂൾ, ഇളമ്പള്ളൂർ, കൊല്ലം | 186.59297 | പദ്ധതി പൂർത്തീകരിച്ചു |
| 8 | ഗവ. യു.പി. സ്കൂൾ, പഴങ്ങാലം, കൊല്ലം | 51.36760 | പദ്ധതി പൂർത്തീകരിച്ചു |
| 9 | ജി.എച്ച്.എസ്.എസ്., കേരളപുരം | 210.92907 | പദ്ധതി ഏർപ്പാടാക്കി വരുന്നു |
| 10 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചെറിയഴീക്കൽ, കൊല്ലം | 148.00 | പദ്ധതി പൂർത്തീകരിച്ചു |
| 11 | ഗവ. ടൗൺ യു.പി. സ്കൂൾ, കരുനാഗപ്പള്ളി | 230.02923 | പദ്ധതി പൂർത്തീകരിച്ചു |
| 12 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, | 175.47705 | പദ്ധതി ആരംഭിച്ചു |

| | | | |
|---|---|---|---|
| | കഴിത്തുറ, കൊല്ലം | | |
| 13 | ഗവ. യു.പി. സ്കൂൾ, കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പദ്ധതി ആരംഭിച്ചു |
| 14 | തകഴി ശിവശങ്കരപിള്ള മെമ്മോറിയൽ ഗവ. യു.പി. സ്കൂൾ, തകഴി, ആലപ്പുഴ | 90.37779 | പദ്ധതി പൂർത്തീകരിച്ചു |
| 15 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, വീയപുരം, ആലപ്പുഴ | 162.19758 | പദ്ധതി പുരോഗമിക്കുന്നു |
| 16 | ഗവ. യു.പി. സ്കൂൾ, ആര്യാട് നോര് ത്ത്, ആലപ്പുഴ | 85.13593 | പദ്ധതി പുരോഗമിക്കുന്നു |
| 17 | ഗവ. ഹൈസ്കൂൾ, കോടംതുരുത്ത് , ആലപ്പുഴ | 299.34373 | പദ്ധതി പൂർത്തീകരിച്ചു |
| 18 | ഗവ. യു.പി. സ്കൂൾ, ചിറയ്ക്കകം, വാരാപ്പുഴ, എറണാകുളം | 81.10453 | പദ്ധതി പൂർത്തീകരിച്ചു |
| 19 | കോനാത്ത്കുന്ന് ഗവ. എൽ.പി. സ്കൂൾ, വെള്ളാങ്ങല്ലൂർ, തൃശ്ശൂർ | 227.74186 | പദ്ധതി പൂർത്തീകരിച്ചു |
| 20 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, എടവിലങ്ങ്, തൃശ്ശൂർ | 138.33185 | പദ്ധതി പൂർത്തീകരിച്ചു |
| 21 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, വാടാനപ്പള്ളി, തൃശ്ശൂർ | 62.7389 | പദ്ധതി പൂർത്തീകരിച്ചു |
| 22 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, മന്ദലാംകുന്ന്, തൃശ്ശൂർ | 68.5358 | പദ്ധതി പൂർത്തീകരിച്ചു |
| 23 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, വെളിയംകോട്, മലപ്പുറം | 130.0279 | പദ്ധതി പുരോഗമിക്കുന്നു |
| 24 | ഗവ. മോഡൽ എൽ.പി. സ്കൂൾ, കൂട്ടായി നോര് ത്ത്, മലപ്പുറം | 32.9282 | പദ്ധതി പൂർത്തീകരിച്ചു |
| 25 | ഗവ. യു.പി. സ്കൂൾ, പുറത്തൂർ, മലപ്പുറം | 99.96736 | പദ്ധതി പൂർത്തീകരിച്ചു |
| 26 | ഗവ. മാപ്പിള എൽ.പി. സ്കൂൾ, താനൂർ, മലപ്പുറം | 49.51078 | പദ്ധതി പൂർത്തീകരിച്ചു |
| 27 | ഗവ. എൽ.പി. സ്കൂൾ, | 48.58291 | പദ്ധതി പൂർത്തീകരിച്ചു |

1024/2/2024

| | | | |
|---|---|---|---|
| | ചെട്ടിപ്പാടി, പരപ്പനങ്ങാടി, മലപ്പുറം | | |
| 28 | ഗവ. യു.പി. സ്കൂൾ, അരിയല്ലൂർ, മലപ്പുറം | 185.96356 | പദ്ധതി പൂർത്തീകരിച്ചു |
| 29 | ഗവ. എൽ.പി. സ്കൂൾ, വള്ളിക്കുന്ന് മലപ്പുറം | 60.27975 | പദ്ധതി പൂർത്തീകരിച്ചു |
| 30 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, ചാലിയം, കോഴിക്കോട് | 58.93915 | പദ്ധതി പൂർത്തീകരിച്ചു |
| 31 | ഗവ. എൽ.പി. സ്കൂൾ, ബേപ്പൂർ സൗത്ത്, കോഴിക്കോട് | 59.13632 | പദ്ധതി പൂർത്തീകരിച്ചു |
| 32 | ഗവ. എൽ.പി. സ്കൂൾ, പള്ളിക്കണ്ടി സൗത്ത്, കോഴിക്കോട് | 66.07843 | പദ്ധതി പുരോഗമിക്കുന്നു |
| 33 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, പുതിയാപ്പ, കോഴിക്കോട് | 158.19330 | പദ്ധതി പൂർത്തീകരിച്ചു |
| 34 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, കോരപ്പുഴ, കോഴിക്കോട് | 67.4671 | പദ്ധതി പൂർത്തീകരിച്ചു |
| 35 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 63.7201 | പദ്ധതി പൂർത്തീകരിച്ചു |
| 36 | ഗവ. യു.പി. സ്കൂൾ, അന്തിട്ട, കൊയിലാണ്ടി, കോഴിക്കോട് | 92.6987 | പദ്ധതി പൂർത്തീകരിച്ചു |
| 37 | ഗവ. ഫിഷറീസ് എല് .പി. സ്കൂൾ, മാടി, പയ്യോളി, കോഴിക്കോട് | 60.69059 | പദ്ധതി പൂർത്തീകരിച്ചു |
| 38 | ഗവ. എൽ.പി. സ്കൂൾ, ചാലിൽഗോപാൽപേട്ട, കണ്ണൂർ | 74.01875 | പദ്ധതി പൂർത്തീകരിച്ചു |
| 39 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കൊട്ടവള്ളി, കണ്ണൂർ | 202.6 | പദ്ധതി പൂർത്തീകരിച്ചു |
| 40 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുഴപ്പിലങ്ങാട് , കണ്ണൂർ | 113.98935 | പദ്ധതി പൂർത്തീകരിച്ചു |
| 41 | ഗവ. ഹയർ സെക്കന്ററി | 81.13739 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | സ്കൂൾ, പാലിയാട്, ധർമ്മടം | | |
| 42 | സിറ്റി ഗവ. ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ | 140.25139 | പദ്ധതി പൂർത്തീകരിച്ചു |
| 43 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, അഴീക്കോട് | 65.32536 | പദ്ധതി പൂർത്തീകരിച്ചു |
| 44 | ഗവ. യു.പി. സ്കൂൾ, നീർച്ചാൽ കണ്ണൂർ | 73.67279 | പദ്ധതി പൂർത്തീകരിച്ചു |
| 45 | ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മാടായി, കണ്ണൂർ | 203.81861 | പദ്ധതി പൂർത്തീകരിച്ചു |
| 46 | ഗവ. യു.പി. സ്കൂൾ, കവ്വായി, കണ്ണൂർ | 67.68969 | പദ്ധതി പൂർത്തീകരിച്ചു |
| 47 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഏറ്റിക്കുളം, കണ്ണൂർ | 135.67216 | പദ്ധതി പൂർത്തീകരിച്ചു |
| 48 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, രാമന്തളി, കണ്ണൂർ | 142.27140 | പദ്ധതി പൂർത്തീകരിച്ചു |
| 49 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പടന്ന കടപ്പുറം കാസർഗോഡ് | 115.85495 | പദ്ധതി പൂർത്തീകരിച്ചു |
| 50 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കടംകോട് കാസർഗോഡ് | 148.49870 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 51 | ഗവ. യു.പി. സ്കൂൾ, കിക്കാന്, ഉദുമ, കാസർഗോഡ് | 43.89587 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 52 | ഗവ. യു.പി. സ്കൂൾ, കീഴൂർ, ഉദുമ. കാസർഗോഡ് | 78.72281 | Revised funding sanction ലഭ്യമായതനുസരിച്ച് TS Estimate തയ്യാറാക്കി വരുന്നു |
| 53 | ഗവ. മാപ്പിള യു.പി.എസ്. പള്ളിക്കര | 187.65004 | പദ്ധതി പൂർത്തീകരിച്ചു |
| 54 | ഗവ. യു.പി.എസ്. അഗസരഹോള, ഉദുമ | 64.79482 | Revised funding sanction ലഭ്യമായതനുസരിച്ച് TS Estimate തയ്യാറാക്കി വരുന്നു |
| 55 | ഗവ. എച്ച്.എസ്.എസ്., പാക്കം, പള്ളിക്കര, ഉദുമ | 81.95399 | പദ്ധതി പൂർത്തീകരിച്ചു |
| 56 | ഗവ. എച്ച്.എസ്.എസ്. | 161.68969 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | കാസർഗോഡ് | | |
| 57 | ജി.എച്ച്.എസ്.എസ്., മഞ്ചേശ്വരം | 179.34343 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |

2. ഹാർബർ നിർമ്മാണം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (കോടി രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചെത്തി മത്സ്യബന്ധന തുറമുഖം | 97.43 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം | 112.218 | പദ്ധതി പുരോഗമിക്കുന്നു |

3. മത്സ്യമാർക്കറ്റ് പുനരുദ്ധാരണം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | കിഫ്ബി പദ്ധതി | | |
| 1 | പുത്തൻചന്ത | 214.58 | പദ്ധതി ആരംഭിച്ചു |
| 2 | പുന്നമ്മട് | 452.40 | ടെണ്ടർ നടപടി പൂർത്തീകരിച്ചു. PED അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 3 | പഴയകന്നമേൽ | 358.10 | TS Estimate തയ്യാറാക്കി വരുന്നു |
| 4 | നിലക്കാമുക്ക് | 155.28 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 5 | വക്കം | 195.79 | TS നൽകുന്നതിനായി structural design തയ്യാറാക്കി വരുന്നു |
| 6 | കടയ്ക്കാവൂർ | 265.83 | Selection Notice നൽകി. PED അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 7 | വാമനപുരം | 439.32 | TS Estimate തയ്യാറാക്കി വരുന്നു |
| 8 | നടക്കാട് | 251.18 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 9 | വിളവൂർക്കൽ | 107.50 | PWD NoC ലഭ്യമാക്കി പഞ്ചായത്ത് സ്ഥലം കൈമാറി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. |
| 10 | പൂന്തുറ | 237.92 | ടെണ്ടർ അംഗീകാരത്തിനായി കിഫ്ബിയിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരിക്കുന്നു |
| 11 | നെയ്യാറ്റിൻകര | 474.40 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 12 | പനച്ചമൂട് | 535.77 | പദ്ധതി ആരംഭിച്ചു |
| 13 | കാഞ്ഞിരംകുളം | 246.95 | Land issue |
| 14 | തങ്കശ്ശേരി | 214.77 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 15 | കടപ്പാക്കട | 150.09 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 16 | പള്ളിമുക്ക് | 165.27 | TS Estimate തയ്യാറാക്കി വരുന്നു |
| 17 | മുന്നാംകുറ്റി | 140.40 | TS Estimate തയ്യാറാക്കി വരുന്നു |
| 18 | സൗത്ത് പരവൂർ | 183.49 | TS നൽകി |
| 19 | പാരിപ്പള്ളി | 302.63 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 20 | കൊട്ടിയം | 226.22 | TS Estimate തയ്യാറാക്കി വരുന്നു |
| 21 | ചാത്തന്നൂർ | 528.06 | Selection Notice നൽകി. |
| 22 | കടയ്ക്കൽ | 374.43 | Structural design ചെയ്യുന്നതിന് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 23 | ശാസ്താംകോട്ട | 215.85 | Land issue |
| 24 | കിഴക്കേകല്ലട | 214.42 | TS Estimate തയ്യാറാക്കി വരുന്നു |
| 25 | കാവനാട് | 245.08 | TS Estimate തയ്യാറാക്കി വരുന്നു |
| 26 | ആലുംമൂട് | 167.81 | പഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. |
| 27 | അഞ്ചൽ | 472.31 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 28 | പുനലൂർ | 642.75 | TS നൽകി package approvalനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 29 | പുത്തൂർ | 284.26 | പദ്ധതി ആരംഭിച്ചു |
| 30 | കൊട്ടാരക്കര | 506.67 | Selection Notice നൽകി. |
| 31 | അടൂർ | 200.53 | പദ്ധതി പൂർത്തീകരിച്ചു |
| 32 | കുലശേഖരപുരം | 340.83 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി Structural design ചെയ്തുവരുന്നു |

| | | | |
|---|---|---|---|
| 33 | പത്തനാപുരം | 181.81 | പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന് നൽകിയിരിക്കുന്നു |
| 34 | കുമ്പഴ | 227.31 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി Structural design ചെയ്തുവരുന്നു |
| 35 | കൂടൽ | 178.29 | പദ്ധതി ആരംഭിച്ചു |
| 36 | മണ്ണഞ്ചേരി | 163.97 | പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന് നൽകിയിരിക്കുന്നു |
| 37 | ചെത്തി | 161.54 | പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന് നൽകിയിരിക്കുന്നു |
| 38 | താമരക്കുളം | 227.52 | പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന് നൽകിയിരിക്കുന്നു |
| 39 | മാങ്കാംകുഴി | 176.13 | TS Estimate തയ്യാറാക്കി വരുന്നു |
| 40 | കരിപ്പുഴ | 173.28 | സ്ഥല പരിമിതിയെക്കുറിച്ച് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് |
| 41 | ചേർത്തല | 307.60 | TS Estimate തയ്യാറാക്കി വരുന്നു |
| 42 | ഇടക്കൊച്ചി | 143.26 | സ്ഥല പരിമിതിയെക്കുറിച്ച് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് |
| 43 | നായരമ്പലം | 276.49 | പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന് നൽകിയിരിക്കുന്നു |
| 44 | ചാലക്കുടി | 350.02 | ടെണ്ടർ നടപടി പൂർത്തീകരിച്ചുവരുന്നു. |
| 45 | കുന്നംകുളം | 466.40 | TS Estimate തയ്യാറാക്കി വരുന്നു |
| 46 | പൊന്നാനി | 170 07 | സ്ഥലം സ്വീകരിക്കുന്നതിനായി Port, HED, KSCADC എന്നിവരുടെ സംയുക്ത യോഗം ചേരുന്നതിനായി അറിയിച്ചിട്ടുണ്ട്. |
| 47 | വെള്ളയിൽ | 373.22 | Permissive Sanction നുവേണ്ടി CE, HED യെ അറിയിച്ചിരിക്കുന്നു. |
| 48 | ന്യൂമാഹി | 129.20 | സ്ഥല പരിമിതി മൂലം പഴയ കെട്ടിടത്തിന്റെ upgradation ലഭ്യമാക്കാൻ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. |
| 49 | കണ്ണപുരം | 116.91 | Railway NoC ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 50 | പഴയങ്ങാടി | 142.22 | CRZ clearance ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| 51 | കാഞ്ഞങ്ങാട് | 301.48 | പുതിയ മാർക്കറ്റ് നിർമ്മാണത്തിനുള്ള |

| | | | |
|---|---|---|---|
| | | | കൗൺസിൽ നിർമ്മാണം പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

കടലാക്രമണ ഭീഷണി നേരിടുന്ന തീരങ്ങൾ സംരക്ഷിക്കുന്നതിനായി KIIFB Scheme മുഖേന 85.40 കോടി രൂപയുടെയും നബാർഡ് സ്കീം വഴി 7.1376 കോടി രൂപയുടെയും ടൂറിസം വകുപ്പിൽ നിന്നും 8.35 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് . ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി മൂന്ന് പ്രവർത്തികൾ പൂർത്തികരിച്ച് ബാക്കിയുള്ളവ പുരോഗമിച്ചു വരുന്നു . കൂടാതെ ഓഖി ഡവലെപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി ലഭിച്ചു . ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തികരിച്ചു. ശേഷിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരികയുമാണ്.

**4. ഓഖി പുനരധിവാസ പദ്ധതി**

സംസ്ഥാനത്ത് തീരദേശ വികസനത്തിനായി ഓഖി ദുരന്തത്തിന്റെ പശ്ചാത് തലത്തിൽ ഓഖി സ്പെഷ്യൽ പാക്കേജ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ആര ംഭിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുട െ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആണ് ഈ പാക്കേജിൻറെ ഭാഗമായി ന ടപ്പാക്കി വരുന്നത്. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2017 നവംബർ 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഇതിന് പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.22337 കോടി രൂപ ലഭ്യമായിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖേന മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വിതം അനുവദിച്ചു നൽകി. കൂടാതെ 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വച്ച് അടിയന്തിര ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധന സഹായമായി 10.68,000/- രൂപ എന്നിവയും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ

ഗാർഡുമാരായി നിയമിച്ചു.

കൂടാതെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭവന നിർമ്മാണ പദ്ധതി

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷംരൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. കടൽ തീരത്തുനിന്ന് 50 മീറ്റർ മാറി സുരക്ഷിതസ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയാണ് ചെയ്യേണ്ടത്. ആകെയുള്ള 72 പേരിൽ 16 പേർ ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. 14 പേർ മുൻ വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെട്ടവരാണ്. തിരുവനന്തപുരം ജില്ലയിലെ 20 പേർക്ക് ഫ്ളാറ്റ് വേണമെന്ന ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. മൊത്തം 72 ഗുണഭോക്താക്കളിൽ മേൽപ്പറഞ്ഞ 50 പേർ ഒഴിച്ച് ബാക്കിയുള്ള 22 പേർക്ക് സ്ഥലവും വീടിനുമായി ആവശ്യമായ 2.41 കോടിരൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 22 പേരിൽ 22 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചു.

2. ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെ പുനരധിവാസം.

തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി. 12 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. വീട് നഷ്ടപ്പെട്ട 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഇതുവരെ 210.714 ലക്ഷം രൂപ ചെലവഴിച്ചു.

3. ഭവന പുനരുദ്ധാരണം

ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.0415 കോടിരൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. 194.5 ലക്ഷം ചെലവഴിച്ചു.

4. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 481 മത്സ്യത്തൊഴിലാളികൾക്ക് ഏഴ് ഘട്ടങ്ങളിലായി 7.37 കോടിരൂപ നഷ്ടപരിഹാരം അനുവദിച്ചു.

5. വിദ്യാഭ്യാസ ധനസഹായ പാക്കേജ്.

ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചു ലഭ്യമായിട്ടുണ്ട്. 2037

വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | | വർഷം | തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക ലക്ഷത്തിൽ) | സഹായം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | | 2018-19 | 56.95 | 53.75 | 156 |
| 2 | | 2019-20 | 65 | 55.1 | 152 |
| 3 | | 2020-21 | 60 | 45 | 131 |
| 4 | | 2021-22 | 50 | 40.4 | 117 |
| 5 | | 2022-23 | 50 | 34.182 | 104 |
| 6 | | 2023-24 | 50 | 36.329 | 102 |
| | | ആകെ | 331.95 | 264.761 | |

6. മറൈൻ ആംബുലൻസ്.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. മൊത്തം ആവശ്യമായ 18.24 കോടി രൂപയിൽ 7.36 കോടിരൂപ ഓഖി ഫണ്ടിൽ നിന്നും ഇതിനായി അനുവദിക്കുകയും ചെയ്തു.

7. ലൈഫ് ജാക്കറ്റ് വിതരണം

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടിരൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ 40000 ലൈഫ് ജാക്കറ്റുകൾ നൽകി. പദ്ധതി പൂർത്തിയായിട്ടുണ്ട്.

8. നാവിക് ഉപകരണങ്ങൾ നൽകൽ

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നാവിക് ഉപകരണങ്ങൾ നൽകുന്നതിനു 1593 ലക്ഷം രൂപ അനുവദിച്ചിരുന്നു. 229.5 ലക്ഷം രൂപ ചെലവഴിച്ച് 941 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

9. സാറ്റലൈറ്റ് ഫോൺ.

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടിരൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. 2.25 കോടിരൂപ ചെലവഴിച്ച് 240 സാറ്റലൈറ്റ് ഫോണുകൾ ആദ്യഘട്ടമായി വാങ്ങി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

10. കടൽ സുരക്ഷാ സ്ക്വാഡ്.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടിരൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിനലാണ് പരിശീലനം നൽകുന്നത്. 781 പേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്. 583.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

11. FRP ബോട്ട്.

120 FRP ബോട്ടുകൾക്ക് 1.94 കോടിരൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടിരൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിച്ചിരുന്നു. നാളിതുവരെ 117 ബോട്ടുകളുടെ പണി പൂർത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് അനുസാരികൾ എന്നിവ മത്സ്യഫെഡ് വഴി നൽകിവരുന്നു. നാളിതുവരെ 8.14 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്ക് 75 ബോട്ടുകൾ അനുവദിച്ചിരുന്നു. അതിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

12. ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും

ഓഖി ദുരന്തത്തിൽ മരണപ്പെട്ട / കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷംരൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി ലഭിച്ചു. തുക ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും വഹിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. കേരളസംസ്ഥാന തീരദേശവികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല. വിഴിഞ്ഞം സീ ഫുഡ് റസ്റ്റാറന്റിന്റെ പ്രവർത്തന ചുമതല കേരള മത്സ്യഫെഡിനു നൽകുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. 277.90 ലക്ഷം രൂപ പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണവും പൂർത്തീകരിച്ചു.

13. ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാളുടെ നഷ്ടപരിഹാരം

ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാൾക്ക് നഷ്ടപരിഹാരം നൽകുന്നതിനു 10.25 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ ഒന്നാം ഘട്ടമായി 5.125 ലക്ഷം രൂപ നൽകി. ബാക്കി നൽകാനുള്ള നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി പ്രകാരമുള്ള മെമ്പർമാർ പരിശോധന നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ)നം.5/2020/മതുവ തീയതി, 04/01/2020 പ്രകാരം ആകെ 20,19,000/- രൂപ

അനുവദിക്കുന്നതിനും, ആയതിൽ അനുവദിച്ച 5.125 ലക്ഷം കുറച്ച് 15.065 ലക്ഷംരൂപ നൽകുന്നതിനു സർക്കാർ അനുമതി നൽകി ഉത്തരവായതനുസരിച്ച് തുക മുഴുവനായും വിതരണം ചെയ്തു.

14. ഓഖി ദുരന്തത്തിൽ മരിച്ചവരുടെ/ കാണാതായവരുടെ ആശ്രിതർക്ക് തൊഴിൽദാന പദ്ധതി.

ഓഖി ദുരന്തത്തിൽ മരിച്ചവർ/കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ 142 പേരും കാസർഗോഡ് ജില്ലയിൽ ഒരാളുമാണ് ഉള്ളത്. 2 1.10.2018 ലെ സ. ഉ (സാധാ) നം. 681/2018/മ തു വ നമ്പർ ഉത്തരവ് പ്രകാരം ഓഖി ആശ്രിതരിൽ 40 വയസ്സിൽ താഴെ പ്രായമുള്ളതും SSLC യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ളതായ 41 പേർക്ക് മത്സ്യഫെഡ് ന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകുന്നതിനു ഉത്തരവായിരുന്നു. മേൽ ഉത്തരവിൻ പ്രകാരമുള്ള ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ പരിഗണിച്ച 41 പേരിൽ 2 പേർ മരിച്ചവർ/ കാണാതായവരുടെ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ലാത്തതിനാലും ഇവർ തമിഴ്നാട് സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റുന്നവർ ആണെന്ന് ബോധ്യപ്പെട്ടതിനാലും ഇവരെ ഒഴിവാക്കുകയും ശേഷിക്കുന്ന 39 പേരെ നെറ്റ് ഫാക്ടറിയിലെ ജോലിക്കായി പരിഗണിക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 13 പേരടങ്ങിയ ആശ്രിതരിൽ വിസ്സമ്മത പത്രം നൽകിയ ഒരാൾ ഒഴികെ 12 പേരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് പരിഗണിക്കുന്നതിനായി സമർപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള രണ്ടു പേർക്ക് ആരോഗ്യ വകുപ്പിൽ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിക്കുന്നതിനു 14.11.2022 ലെ സ.ഉ (കൈ) നം. 221/2022/H&WD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡ് ൽ ജോലി നൽകിയ 39 പേരും ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് ശുപാർശ ചെയ്ത 12 പേരും വിസ്സമ്മത പത്രം സമർപ്പിച്ച ഒരാളും ഉൾപ്പടെ 52 പേരുടെ ആശ്രിതരെയാണ് ജോലിയ്ക്ക് ശുപാർശ ചെയ്തത്. ബാക്കിയുള്ള 90 പേരുടെ ആശ്രിത ലിസ്റ്റ് സർക്കാർ പരിഗണനയിലാണ്.

15. വായ്പ്പാ കുടിശ്ശിക എഴുതി തള്ളുന്നത്.

ഓഖി ബാധിതരുടെ വായ്പ്പ എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട് 15.10.2019 ലെ സ.ഉ (കൈ) നം. 30/ 19/ഡി എം ഡി ഉത്തരവ് പ്രകാരം പലിശയും പിഴപലിശയും പൂർണ്ണമായും ഒഴിവാക്കണമെന്നും 28.11.2017 നു ശേഷം അടയ്ക്കാൻ ബാക്കിയുള്ള മുതലിന്റെ 60 ശതമാനം സർക്കാർ ബാങ്കുകൾക്ക് നൽകുമെന്നും ബാക്കി തുകയായ 40 ശതമാനം ബാങ്ക് എഴുതി തള്ളുമെന്നും നിർദ്ദേശിച്ചിരുന്നു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർ/ കാണാതായവരുടെ വായ്പ്പ എഴുതി തള്ളുന്നത് സംബന്ധിച്ച തുടർ നടപടി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ